# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1032 08.01.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പഠന നിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സാജു പോൾ :** | | **ശ്രീ. എ.കെ. ബാലൻ (പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നോക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി അനുവദിച്ച ഫണ്ട് ഉദ്യോഗസ്ഥ കെട്ടുകാര്യസ്ഥതയിൽ പാഴാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | പ്രൊഫഷണൽ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ പണിയുന്നതിന് കേന്ദ്രം എത്ര തുക അനുവദിച്ചു ; എത്ര തുക വിനിയോഗിച്ചു ; വിശദമാക്കുമോ ; | (ബി) | പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി മാത്രം പ്രത്യേകം ഹോസ്റ്റൽ പണിയുന്ന പദ്ധതി നിലവിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. |
| (സി) | മത്സരപ്പരീക്ഷകളിൽ വിജയം ലക്ഷ്യമിട്ട് ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചത് ഏതെല്ലാം പത്രപ്പരസ്യങ്ങളിലൂടെയായിരുന്നു ; | (സി) | മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി, വീക്ഷണം, ജനയുഗം, മാധ്യമം, ജന്മഭൂമി, സിറാജ്, മെട്രോ വാർത്ത, ദീപിക, ദി ഹിന്ദു, ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, ചന്ദ്രിക. |
| (ഡി) | പരസ്യം ക്ഷണിച്ച തീയതിയും അപേക്ഷ നൽകേണ്ടിയിരുന്ന തീയതിയും ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | 1). പരസ്യം വന്ന തീയതി - 19.10.2013, 20.10.2013.<br>2). അപേക്ഷ ലഭിക്കേണ്ടിയിരുന്ന അവസാന തീയതി - 28.10.2013.<br>അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 11.11.2013 വരെ നീട്ടി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ